# ആദിവാസി കേരളവും ഘടനാപരമായ അക്രമവും

ആർ.സി. സുധീഷ്

എന്തുകൊണ്ടാണ് അരികുവത്കരിക്കപ്പെട്ട ജനങ്ങളുടെ സേവനത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമ-ഭരണ-സംവിധാനങ്ങൾ അതേ ജനങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നത്? ചട്ടങ്ങൾ ചിട്ടയില്ലാത്ത, ഉദ്ദേശ്യങ്ങൾക്ക് വിപരീതമായ പരിണാമങ്ങളിലേക്ക് എത്തിച്ചേരുന്നത് എന്തുകൊണ്ടാണ്?

ഗവേഷകൻ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ലണ്ടൺ

2018 ഫിബ്രവരി 17ന് അട്ടപ്പാടി ബ്ലോക്കിലെ അഗളി ഗ്രാമപഞ്ചായത്തിലെ ഒരു ഊരിൽ 350 ഓളം മുഡുഗ, കുറുമ്പ, ഇരുള ജനങ്ങൾ ഒത്തുകൂടി. വേദിയിൽ സംസാരിച്ച ഓരോ ഊരുമൂപ്പനും തങ്ങളുടെ സാമൂഹിക അരക്ഷിതാവസ്ഥയ്ക്ക് അടിസ്ഥാനകാരണം ഭൂമി അന്യാധീനപ്പെട്ടതാണെന്ന് സംശയമേതുമില്ലാതെ ആവർത്തിച്ചു. സ്വയംഭരണം തങ്ങളുടെ അവകാശമാണെന്ന് അവർ ശക്തമായി ചൂണ്ടിക്കാട്ടി. 1999 ജൂലൈ 10ന് അന്നത്തെ നായനാർ സർക്കാർ ഇതേ അഗളിയിൽ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. അക്കൊല്ലം പാസ്സായ 'കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം' നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനമായിരുന്നു ഇത്. 'മണ്ണിന്റെ മക്കൾക്ക് സ്വന്തം ഭൂമി' എന്ന തലക്കെട്ടോടെ അന്നത്തെ പ്രമുഖ പത്രങ്ങളിൽ ഇതിന്റെ വിളംബരം പുറത്തുവന്നിരുന്നു. "രണ്ടു വർഷത്തിനകം ഇത് സാക്ഷാത്കരിക്കും" എന്നാണ് വിളംബരത്തിലുൾപ്പെടുത്തിയ തന്റെ സന്ദേശത്തിൽ മുഖ്യമന്ത്രി അന്ന് വാഗ്ദാനം ചെയ്തത്. എന്നാൽ 20 വർഷം പിന്നിട്ടിട്ടും അഗളിയിലെ മൂപ്പന്മാർക്ക് നഷ്ടപ്പെട്ട ഭൂമിയെക്കുറിച്ച് വീണ്ടും സംസാരിക്കേണ്ടി വരികയാണ്. 1975 ലെ കേരള പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകൊടുക്കലും) നിയമം റദ്ദാക്കിക്കൊണ്ട് 1999 ലെ നിയമം (കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം, 1999) കൊണ്ടുവന്നതിന്റെ ചരിത്രവും ഇപ്പോൾ സുവ്യക്തമാണ്. 2 ഹെക്ടറിന് (5 ഏക്കറിന്) താഴെ കൃഷിഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് അതേ ഭൂമി തിരിച്ചുപിടിച്ച് നൽകേണ്ട ആവശ്യമില്ലെന്നും പകരംഭൂമി കൊടുത്താൽ മതിയെന്നും നിഷ്കർഷിച്ചായിരുന്നു 1999ലെ നിയമം പുറത്തുവന്നത്.

ഭൂരാഹിത്യം ആദിവാസി ജനതയിലുണ്ടാക്കുന്ന സാമൂഹ്യ അരക്ഷിതാവസ്ഥയും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദാരിദ്ര്യവും മരണങ്ങളും ദിവസേനയെന്നോണം മാധ്യമങ്ങൾ നമ്മുടെ സ്വീകരണമുറികളിൽ എത്തിച്ചുതരുന്നുണ്ട്. കുറെയേറെ ചർച്ചകൾ നടന്നിട്ടുള്ള വിഷയവുമാണിത്. എന്തുകൊണ്ടാണ് അരികുവത്കരിക്കപ്പെട്ട ജനങ്ങളുടെ സേവനത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമ-ഭരണ-സംവിധാനങ്ങൾ അതേ ജനങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നത്? ചട്ടങ്ങൾ ചിട്ടയില്ലാത്ത, ഉദ്ദേശ്യങ്ങൾക്ക് വിപരീതമായ പരിണാമങ്ങളിലേക്ക് എത്തിച്ചേരുന്നത് എന്തുകൊണ്ടാണ്? സൂക്ഷ്മവും അദൃശ്യവുമായ ഈ ഘടനാപരമായ അക്രമത്തെ (structural violences) എങ്ങനെ മനസ്സിലാക്കാം? 1999 ലെ നിയമത്തിന് പിന്നിൽ നടന്നതായി പറയപ്പെടുന്ന ചർച്ചകൾ, 1975 ലെയും 1999 ലെയും നിയമങ്ങളെക്കുറിച്ചുള്ള സുപ്രീം കോടതി വിധി, കേരളത്തിൽ പട്ടികമേഖലകൾ ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ എന്നിവയെ മുൻനിർത്തി പ്രസ്തുത ചോദ്യങ്ങൾക്ക് ഉത്തരം തേടുകയാണ് ഇവിടെ.

## പങ്കാളിത്തത്തിന്റെ അക്രമം

'മണ്ണിന്റെ മക്കൾക്ക് സ്വന്തം ഭൂമി' എന്ന തലക്കെട്ടോടെ പത്രങ്ങളിൽ വന്ന വിളംബരത്തിലൂടെ (1999) അന്നത്തെ റവന്യൂമന്ത്രി അറിയിക്കുന്നത് 1999 ലെ നിയമം കൊണ്ടുവരുന്നതിന് മുമ്പ് പട്ടികവർഗ്ഗക്കാരുടെയും 'കൃഷിക്കാരു'ടെയും പങ്കാളിത്തത്തിൽ ചർച്ചകൾ നടന്നിരുന്നു എന്നാണ്. മന്ത്രി പറയുന്നു: "പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി സംബന്ധിച്ച് നിലവിലുണ്ടായിരുന്ന നിയമം നടപ്പാക്കുക പ്രായോഗികമല്ലെന്ന് ബോധ്യമായ സാഹചര്യത്തിലാണ് പുതിയ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് മുൻകൈയെടുത്തത്. പട്ടികവർഗ്ഗക്കാരുടെയും കൃഷിക്കാരുടെയും സംഘടനാപ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച നടത്തി. പല തലങ്ങളിലും നടന്ന ആശയവിനിമയങ്ങളിലും ചർച്ചകളിലും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പുതിയ നിയമത്തിന് രൂപം നൽകിയത്." എന്നാൽ ഈ ചർച്ചകളിൽ ആരൊക്കെ പങ്കെടുത്തുവെന്നോ അവർ എന്തൊക്കെ ആവശ്യപ്പെട്ടെന്നോ വ്യക്തമല്ല. 'പങ്കാളിത്ത'ത്തിലൂടെ ഉണ്ടായതെന്നു പറയപ്പെടുന്ന നിയമം രണ്ടു ഹെക്ടറിൽ താഴെ ഭൂമി നഷ്ടപെട്ട ആദിവാസികൾക്ക് ഭൂമി തിരിച്ചുപിടിച്ചു നൽകുന്നില്ല.

മന്ത്രി തുടരുന്നു: "രണ്ടു ഹെക്ടർ വരെ ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് നിയമം സംരക്ഷണം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗക്കാരുടെ രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാരിൽ നിന്നും അധികമുള്ള ഭൂമി ഏറ്റെടുക്കാം. ആ ഭൂമി കൈമാറ്റം ചെയ്ത പട്ടികവർഗ്ഗക്കാരൻ തിരിച്ചു നൽകും. പട്ടികവർഗ്ഗക്കാരുടെ രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശമുള്ള 373 കേസുകളാണ് നിലവിലുള്ളത്." മന്ത്രി പറയുന്നു വെറും 373 കേസുകളിൽ മാത്രമേ ഈ നിയമപ്രകാരം ആദിവാസിക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുകൊടുക്കുകയുള്ളൂ എന്ന്. മാത്രമല്ല, ഈ രണ്ട് ഹെക്ടർ എന്ന പരിധി എവിടെ നിന്ന് ഉണ്ടായി എന്നതിൽ വ്യക്തതയില്ല. എന്തുകൊണ്ട് ഒരു ഹെക്ടർ അല്ല, 1.5 ഹെക്ടർ അല്ല? എന്തുകൊണ്ട് ആദിവാസികൾക്ക് പകരം ഭൂമി കൊടുക്കുന്നതിനു ബദലായി 'വന്തവാസികൾ'ക്ക് ഭൂമി കൊടുത്തുകൂടാ? അതുപോലെ, ഈ നിയമം വാഗ്ദാനം ചെയ്യുന്ന ഒരിക്കലും ഭൂമിയില്ലാതിരുന്നവർക്ക് ഒരു ഏക്കർ ഭൂമി എന്ന കണക്ക് എവിടെ നിന്ന് വന്നു? ഇങ്ങനെ നിരവധി ചോദ്യങ്ങൾ ഈ നയപരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ഉന്നയിക്കാവുന്നതാണ്. ഇത്തരം വ്യവസ്ഥാരഹിതമായ (arbitrary) ഫലങ്ങൾ ഭരണസംവിധാനങ്ങളുടെ ഘടനാപരമായ അക്രമത്തെ ചൂണ്ടിക്കാട്ടുന്നു. ചോദ്യംചെയ്യപ്പെടാതെ പോകുന്ന ഇത്തരം പലതരം കണക്കുകളുടെയും പരിധിനിശ്ചയിക്കലുകളുടെയും ആകെത്തുകയായി ഒരുപക്ഷെ ഭരണപ്രക്രിയകളെ നോക്കിക്കാണാം. ഈ ഘടനകൾ ഒരു ജനവിഭാഗത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളുന്നിടത്താണ് ഇവയിൽ ഒളിഞ്ഞിരിക്കുന്ന 'അക്രമം' തെളിഞ്ഞുവരുന്നത്. ഘടനാപരമായ അക്രമത്തിന്റെ സൂക്ഷ്മത ഉളവാക്കുന്ന ഒരു സവിശേഷത ഒരു പ്രത്യേക വ്യക്തിയെ/ഉദ്യോഗസ്ഥനെ അതിന് ഉത്തരവാദിയായി കാണിക്കാൻ പ്രയാസമാണ് എന്നതാണ്. മറ്റൊരു സവിശേഷത അത് പരോക്ഷമായി, സമയമെടുത്ത് പ്രവർത്തിക്കുന്ന ഒരു പ്രതിഭാസമാണ് എന്നുള്ളതാണ്. അതുകൊണ്ടുതന്നെ താരതമ്യേന പ്രത്യക്ഷങ്ങളായ ഭരണകൂടഭീകരത, സാമൂഹ്യഅനീതി മുതലായ ആശയങ്ങൾ ഇവിടെ പോരാതെ വരുന്നു.

## അകലത്തുള്ള അക്രമം

ഘടനാപരമായ അക്രമത്തിന്റെ സൂക്ഷ്മതയും സമയാധിക്യവും മനസ്സിലാക്കാൻ രണ്ട് ഉദാഹരണങ്ങൾ ഇവിടെ നോക്കാം. ഹെയ്റ്റി എന്ന കരീബിയൻ രാജ്യം 1859 ൽ ഫ്രഞ്ച് അധീനതയിൽ നിന്ന് മോചിപ്പിക്കപ്പെട്ട് ലോകത്തിലെ ആദ്യത്തെ ബ്ലാക്ക് റിപ്പബ്ലിക് ആയപ്പോൾ ഫ്രാൻസിന് 9 കോടി ഗോൾഡ് ഫ്രാങ്ക് നഷ്ടപരിഹാരം കൊടുക്കേണ്ടി വന്നതിനെ ഘടനാപരമായ അക്രമമായി പോൾ ഫാർമർ ചൂണ്ടിക്കാട്ടുന്നു. ഈ ചരിത്രത്തിന്റെ പ്രതിഫലനം ഒന്നര നൂറ്റാണ്ടു പിന്നിട്ട് ഇന്നും ഹെയ്റ്റിയുടെ ദാരിദ്ര്യത്തിലും എയ്ഡ്സ്, കോളറ എന്നിവ ഉയർത്തിയ ആരോഗ്യ പ്രതിസന്ധികളിലും കാണാം. ഘടനാപരമായ ഈ അക്രമം അകലത്തെവിടെയോ ഉള്ള ഒരു ശക്തിയായി കാണപ്പെടുന്നതിനാൽ നിർവചിക്കാൻ അത്രയേറെ ബുദ്ധിമുട്ടുള്ളതാണെന്നു തോന്നാം. ഉത്തർപ്രദേശിലെ ഒരു ബ്ലോക്ക് ഓഫീസിൽ ക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ വ്യവസ്ഥാരഹിതമായ ഭരണക്രമങ്ങൾ രൂപപ്പെടുന്നതെങ്ങനെയെല്ലാം എന്ന് വിസ്തരിച്ച് ഘടനാപരമായ അക്രമം അടിത്തട്ടിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അഖിൽ ഗുപ്ത വിവരിക്കുന്നു. പെൻഷൻ പദ്ധതിയിൽ പേര് ചേർക്കാൻ വരുന്ന വയോധികരുടെ വയസ്സ് സർക്കാർ ഡോക്ടർ മുഖം നോക്കി കണക്കാക്കുന്നത്, അപേക്ഷാഫോറത്തിൽ ഏതൊക്കെ വിവരങ്ങൾ വേണം എന്ന് ബ്ലോക്ക് ഓഫീസർ ഊഹംവച്ചു തീരുമാനിക്കുന്നത്, ഇങ്ങനെ പലതരം സൂക്ഷ്മപ്രവൃത്തികളുടെ പരിണതഫലമായാണ് ഗുണഭോക്താക്കൾ ദാരിദ്ര്യത്തിലാഴുന്നത് എന്ന് ഗുപ്ത വാദിക്കുന്നു. സമൂഹത്തിലെ ദൈന്യതകൾ ഇല്ലാതാക്കാൻ ഉണ്ടാക്കപ്പെട്ടിട്ടുള്ള അതേ നീതി-ന്യായ-ഭരണ-പ്രക്രിയകളാണ് 'അകലത്തു' നിന്ന് ഈ അക്രമം സൃഷ്ടിക്കുന്നത് എന്നതാണ് ഇവിടെ തെളിഞ്ഞുവരുന്ന വിരോധാഭാസം.

1999ലെ നിയമം (കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം, 1999) 2010ൽ സുപ്രീംകോടതി മുമ്പാകെ എത്തിയപ്പോൾ വിശദമായിത്തന്നെ കോടതി രണ്ടു നിയമങ്ങളെയും താരതമ്യം ചെയ്തു. മുമ്പ് കേരള ഹൈക്കോടതി നിയമസഭയുടെ ഉദ്ദേശ്യലക്ഷ്യം ചോദ്യംചെയ്ത് 1999 ലെ നിയമം അസാധുവാക്കിയിരുന്നു. ഇങ്ങനെ ചെയ്യാൻ ഹൈക്കോടതിക്ക് അധികാരമില്ല എന്ന് സുപ്രീംകോടതി വിധിച്ചു. രണ്ടു ഹെക്ടറിൽ താഴെ ഭൂമി നഷ്ടപ്പെട്ടവർക്ക് 1999 ലെ നിയമം ഭൂമി തിരിച്ചുകൊടുക്കുന്നില്ലെന്നു നിരീക്ഷിച്ചിട്ടും അവസാനം കോടതി എത്തുന്നത് ഈ നിയമം മികച്ചത്, 1975 ലെ നിയമം അപര്യാപ്തം എന്ന വിധിയിലേക്കാണ്. 1975 ലെ നിയമത്തിൽ വന്തവാസികൾക്ക് കൊടുക്കേണ്ട നഷ്ടപരിഹാരത്തിന് സഹായധനമായി ആദിവാസികൾക്ക് കടമാണ് ലഭിക്കുന്നത്, 1999 ലെ നിയമത്തിൽ ഇത് ഗ്രാന്റ് ആണ്; 1975 ലെ നിയമം ഭൂരഹിതരെക്കുറിച്ച് മിണ്ടുന്നില്ല, 1999 ലെ നിയമം ഭൂരഹിതർക്കും ഭൂമി വാഗ്ദാനം ചെയ്യുന്നു എന്നീ സംഗതികളാണ് കോടതി ഇതിനു കാരണങ്ങളായി കാണിക്കുന്നത്. അന്യാധീനപ്പെട്ടുപോയ ഭൂമി പട്ടികവർഗ്ഗക്കാരുടെതായിരുന്നുവെന്നും ഇപ്പോൾ മറ്റുള്ളവരുടെ ഉടമസ്ഥതയിലാണെന്നും കോടതി തന്നെ സമ്മതിക്കുന്നുണ്ട്. പക്ഷെ എന്തുകൊണ്ട് വ

ന്തവാസിൾക്ക് പകരം ഭൂമി കൊടുത്തുകൂടാ എന്നോ 1975 ലെ നിയമത്തിലെ കുറവുകൾ വേണ്ടവിധം പരിഹരിച്ച് നടപ്പിലാക്കിക്കൂടാ എന്നോ ചർച്ചാവിഷയമാവുന്നില്ല. നിയമപരമായ മാർഗ്ഗങ്ങളിലൂടെയാണ് ഈ സ്ഥലങ്ങൾ വന്തവാസികൾ കരസ്ഥമാക്കിയതെന്ന് ഇവിടെ ഊഹിക്കപ്പെടുകയായിരുന്നു. 1975 ലെ നിയമപ്രകാരം ആദിവാസികൾ വന്തവാസികൾക്ക് നഷ്ടപരിഹാരം കൊടുത്തിരുന്നുവെങ്കിൽ അവർക്ക് ഭൂമിയിൽ അവകാശവാദം നടത്താമായിരുന്നു എന്നും അതല്ല നിലവിലുള്ള സ്ഥിതി എന്നുമാണ് കോടതി നിരീക്ഷിക്കുന്നത്. 1975 ലെ നിയമം നടപ്പിലാക്കിയതേയില്ല എന്ന വാസ്തവം ഇവിടെ വിസ്മരിക്കപ്പെടുകയാണ്. നർമ്മദ കേസിലെ വിധിയെ (Narmada Bachao Andolan Vs Union of India and Others, 2000) ഉദ്ധരിച്ച് കുടിയൊഴിപ്പിക്കൽ മൗലികാവകാശങ്ങളുടെ ലംഘനമായി കാണേണ്ടതില്ല എന്ന് സുപ്രീം കോടതി മുമ്പ് വിധിച്ചിട്ടുള്ളത് അനുകൂലമായാണ് ഈ കേസിലെ വിധിയിൽ അവലംബിച്ചിട്ടുള്ളത്. അഗളിയിലെ ഊരുമൂപ്പന്മാർ മനസ്സിലാക്കണം അവർക്ക് ഭൂമിയുടെ മേലെ സ്വതസിദ്ധമായ യാതൊരധികാരവും ഇല്ല എന്ന്. 1975 ലെ നിയമം വന്നപ്പോൾ തന്നെ, സർക്കാർ നിയമം നടപ്പിലാക്കിയില്ലെങ്കിലും, വന്തവാസികൾക്ക് അവർ നഷ്ടപരിഹാരം കൊടുക്കണമായിരുന്നു എന്ന്. ചരിത്രപരമായ ഒരു അന്യായം പരിഹരിക്കാൻ പകരം ഭൂമി കൊണ്ട് തൃപ്തിപ്പെടുക ആദിവാസികളുടെ ചുമതലയാണ് എന്ന്. ഇങ്ങനെ ഘടനാപരമായ അക്രമത്തെ മനസ്സിലാക്കിയെടുക്കേണ്ട പ്രയത്നം അരികിൽ നിൽക്കുന്നവരുടെ ബാധ്യതയായി മാറുന്നു. ഈ വ്യാഖ്യാന പ്രയത്നം ഘടനാപരമായ അക്രമത്തിന്റെ ശരീരഭാഷയിൽ അന്തർലീനമായിരിക്കുന്ന ഒരു സ്വഭാവവിശേഷമാണ്. നീതി-ന്യായ-ഭരണ-സംവിധാനങ്ങൾ ഘടനാപരമായ അക്രമസ്വഭാവം കാണിക്കുന്നത് അവയുടെ രൂപകൽപ്പനയിൽ അടങ്ങിയിട്ടുള്ള പിഴവുകൾ കൊണ്ടല്ല. മറിച്ച്, അവ സ്ഥിതി ചെയ്യുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ മുമ്പേ അടങ്ങിയിട്ടുള്ള അക്രമവാസനയിൽ നിന്നാണ്. ഇതിനു പിന്നിൽ ജാതിയാകാം, പുരുഷാധിപത്യമാകാം, അടിമത്തമാകാം, നവലിബറലിസം സൃഷ്ടിക്കുന്ന പുതിയ ശ്രേണീരൂപങ്ങൾ ആകാം. ജാതി എങ്ങനെയാണ് പ്രത്യക്ഷമായ ഹിംസയ്ക്കപ്പുറം മുറിവുകൾ ഏൽപ്പിക്കുന്നത് എന്ന് ഇന്ന് നമുക്ക് സുപരിചിതമാണ്. ശ്രേണിക്കനുസരിച്ച് പ്രവർത്തിക്കുന്ന ഒരു 'graded violence' ആയി ഘടനാപരമായ അക്രമത്തെ കാണാവുന്നതാണ്. ഈ ശ്രേണീരൂപങ്ങൾ ഒരു കാലഘട്ടത്തെത്തന്നെ വാർത്തെടുക്കുമ്പോൾ ന്യായ-ഭരണ-സംവിധാനങ്ങളും അവയുടെ സ്വാധീനത്തിൽ വരുന്നതായി കണക്കാക്കേണ്ടി വരും. ചില പ്രത്യേക വ്യക്തികൾ ഘടനാപരമായ അക്രമത്തിന്റെ വാഹകരായി ചിലപ്പോൾ കാണപ്പെടാമെങ്കിലും കാലത്തിലും സ്ഥലത്തിലും ചിതറിക്കിടക്കുന്ന അതിന്റെ പരപ്പിനെ മനസ്സിലാക്കിയാൽ മാത്രമേ അതിന്റെ പ്രഭാവം അളക്കാൻ സാധിക്കൂ.

## സമയമെടുപ്പിന്റെ അക്രമം

മുകളിൽ ഉദ്ധരിച്ചിട്ടുള്ള 2010 ലെ വിധിയിൽ സുപ്രീം കോടതി നിരീക്ഷിക്കുന്നത് കേരളത്തിൽ പട്ടികമേഖലകൾ ഉണ്ടായിരുന്നുവെങ്കിൽ വന്തവാസികളുടെ ഭൂ അവകാശങ്ങളെ ചോദ്യം ചെയ്യുക സാധുവായിരിക്കുമായിരുന്നു എന്നും, എന്നാൽ മറിച്ചാണ് നിലവിലെ സ്ഥിതി എന്നുമാണ്. അഗളിയിലെ മൂപ്പന്മാർ സ്വയംഭരണാവകാശം വേണമെന്ന് 2018 ൽ ആവശ്യപ്പെടുമ്പോൾ, 2015 ൽ തന്നെ കേരളത്തിൽ പട്ടികമേഖലകൾ കൊണ്ടുവരാം എന്നും പെസ നിയമം (പഞ്ചായത്തീരാജ് വ്യവസ്ഥകൾ (പട്ടികവർഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം, 1996) നടപ്പിലാക്കാം എന്നും അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു എന്ന കാര്യം നമുക്ക് ഓർത്തെടുക്കാം. വിശദമായ പഠനത്തിലൂടെ 2445 'ഊരു'കളുടെ പട്ടിക തയ്യാറാക്കിയായിരുന്നു ഈ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്. മാർച്ച് 2017 ൽ ഇതിനെക്കുറിച്ച് നിയമസഭയിൽ ചോദ്യമുയർന്നപ്പോൾ "ഈ ഊരുകളുടെ അതിർത്തി ഏതെന്നു വ്യക്തതയില്ല"എന്നാണ് വകുപ്പ് മന്ത്രി അറിയിച്ചത്. ഊരുകളുടെ അതിർത്തികളിൽ വ്യക്തത ഇല്ലെന്നത് സത്യം തന്നെ. ഊര് എന്ന സങ്കൽപ്പം തന്നെ കേരളത്തിലെ ഓരോ ആദിവാസി മേഖലയിലും ഓരോന്നായിരിക്കാം എന്നതുകൊണ്ട് തന്നെ സ്വന്തം ഊരിന്റെ അതിർത്തി നിശ്ചയമുള്ള ആദിവാസി വ്യക്തികളെ ഉൾപ്പെടുത്തിയല്ലേ കമ്മിറ്റി രൂപീകരിക്കേണ്ടത്. ഭരണസംവിധാനങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ സംശയിക്കാതെത്തന്നെ കേരളത്തിൽ പട്ടികമേഖലകൾ ഉണ്ടാക്കുന്ന പ്രക്രിയയെ നോക്കിക്കണ്ടാലും മറ്റു പല ചോദ്യങ്ങളും ഉയരുന്നു. കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം രൂപീകരിച്ച്, 1961 ൽ റിപ്പോർട്ട് സമർപ്പിച്ച ധേബാർ കമ്മീഷൻ മുമ്പാകെ കേരള സർക്കാർ തന്നെ 2755.7 ച.കി. ഭൂമി പട്ടികമേഖലയായി പ്രഖ്യാപിക്കാം എന്ന് പറഞ്ഞിരുന്നു. പക്ഷെ ഇത് നടപ്പിലാക്കിയില്ല. കമ്മീഷൻ തന്നെ നിർദ്ദേശിച്ച ബദൽ മാർഗ്ഗമായ തുല്യപരിരക്ഷകളുള്ള ഒരു നിയമം 1975 ലാണ് വരുന്നത്. ഇതാണ് 1999 ൽ റദ്ദ് ചെയ്യപ്പെട്ടത്. ഇതിനുശേഷം 2004 ൽ റിപ്പോർട്ട് സമർപ്പിച്ച ഭൂരിയാ കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാർ വീണ്ടും പട്ടികമേഖലകൾ കൊണ്ടുവരുന്ന കാര്യം പരാമർശിച്ചു- സംസ്ഥാനത്ത് പട്ടികമേഖലകൾ കൊണ്ടുവരാൻ അനുയോജ്യമായത് ഗ്രാമപഞ്ചായത്ത് തലം ആണെന്ന നിരീക്ഷണത്തിലൂടെ. ഈ സമയമെടുപ്പിന്റെ പോക്ക് പിന്തുടർന്നു പോയാൽ മനസ്സിലാകുക, ഒരു ജനവിഭാഗത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുന്ന പ്രവൃത്തികൾ ഭരണപ്രക്രിയകളിൽ അടങ്ങിയിട്ടുള്ളത് ഏതെല്ലാം വിധങ്ങളിലാണ് എന്നതാണ്. തുടരെത്തുടരെ 'കമ്മിറ്റികൾ' കൂടിയും 'വിദഗ്ധരു'ടെ ഇടപെടൽ ആവശ്യമാണ് എന്ന് വരുത്തിയും ഈ പ്രതിഭാസം പ്രവർത്തിക്കാം. അങ്ങനെ നോക്കുമ്പോൾ ഘടനാപരമായ അക്രമം എന്ന് പറയുന്നത് പരോക്ഷമായ, അദൃശ്യമായ ഒരു പ്രതിഭാസമല്ല, മറിച്ച് വളരെ പ്രത്യക്ഷവും എന്നാൽ സാമാന്യം എന്ന് കരുതി കണ്ണടക്കപ്പെടുന്നതുമായ ഒന്നാണ്.

## അരികുകേരളവും മുഖ്യധാരയും

അഗളിയിൽ നടന്ന മധു അനുസ്മരണത്തിൽ പങ്കെടുത്ത ആദിവാസി ജനത കൃത്യമായി ഭൂമിയുടെ രാഷ്ട്രീയം പറയുമ്പോൾ, പറഞ്ഞുകൊണ്ടേയിരിക്കുമ്പോൾ, എന്തുകൊണ്ട് ഈ പ്രശ്നം പരിഹാരിക്കാതെ നീളുന്നു, അതും സംസ്ഥാന ജനസംഖ്യയുടെ ഏതാണ്ട് ഒരു ശതമാനം മാത്രം വരുന്ന ഒരു ജനവിഭാഗത്തിന്റെ കാര്യത്തിൽ എന്ന് ചോദിക്കാവുന്നതാണ്. ഘടനാപരമായിത്തന്നെ ഇവർ അരികിലാക്കലിന് വിധേയരാവുന്നുണ്ടെന്നത് ഇവിടെയാണ് പ്രസക്തമാവുന്നത്. ആദിവാസി ജനത അരികിൽ നിൽക്കുന്ന, 'മുഖ്യധാര'യിലേക്ക് കൊണ്ടുവരപ്പെടേണ്ട ആളുകളല്ല; മുഖ്യധാരയിൽ തന്നെ നിൽക്കുമ്പോൾ, ഘടനാപരമായി ഈ മുഖ്യധാരയുടെ ഓരങ്ങളിലേക്ക് തള്ളിവിടപ്പെടുന്ന പൗരന്മാരാണ്. ■